"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-2001-2002 മുതൽ 2019-2020 വരെയുള്ള കാലയളവിൽ കേരള കരകൗശല വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പെർഫോമൻസ് അലവൻസ് നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(കൈ) നം.1/2026/ID തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:- കേരള കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 21.08.2025 തീയതിയിലെ HDCK/P&A/PERFORMANCE ALLOWANCE/2025-26/ നമ്പർ കത്ത്.

**ഉത്തരവ്**

കേരള കരകൗശല വികസന കോർപ്പറേഷനിൽ 1988മുതൽ സ്ഥിരം ജീവനക്കാർക്ക് പെർഫോമൻസ് അലവൻസ് എന്ന പേരിൽ സാമ്പത്തിക ആനുകൂല്യം നൽകി വരുന്നതായും, കോർപ്പറേഷനിലെ ജീവനക്കാർക്ക് ഈ ആനുകൂല്യം നൽകിയിരുന്നത് കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നാണെന്നും, തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഡയറക്ടർ ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് ബോർഡിന്റെ അംഗീകാരം നേടിയ ശേഷമാണ് ഈ ആനുകൂല്യം അനുവദിച്ചതെന്നും, 2001-02 മുതൽ 2015-16 വരെ പെർഫോമൻസ് അലവൻസ് അനുവദിച്ചത് മെമ്മോറാണ്ടം ഓഫ് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നും, 2016-17 മുതൽ 2019-20 വരെ മാനേജ്മെന്റ്, തൊഴിൽ വകുപ്പ്, ട്രേഡ് യൂണിയൻ എന്നിവർ ഉൾപ്പെട്ട ത്രികക്ഷി കരാർ പ്രകാരം ഒപ്പുവച്ച മെമ്മോറാണ്ടം ഓഫ് സെറ്റിൽമെന്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമപ്രകാരമാണ് പെർഫോമൻസ് അലവൻസ് നൽകിയതെന്നും എന്നാൽ കോർപ്പറേഷന്റെ ഭാഗത്തുനിന്നും യഥാസമയങ്ങളിൽ follow up നടത്തുന്നതിൽ ഉണ്ടായ നോട്ടപ്പിശക് മൂലമാണ് നൽകി കഴിഞ്ഞ പെർഫോമൻസ് അലവൻസിന് സർക്കാർ സാധൂകരണം നേടിയെടുക്കുന്നതിന് കാലതാമസം നേരിട്ടതെന്നും കൂടാതെ ഈ ആനുകൂല്യം കൈപ്പറ്റിയ ജീവനക്കാരിൽ ഭൂരിഭാഗവും നിലവിൽ സേവനത്തിൽ ഇല്ലായെന്നും നാമമാത്രമായ ജീവനക്കാർ മാത്രമേ ഇന്ന് സർവ്വീസിൽ തുടരുന്നുള്ളൂവെന്നും നിലവിൽ ഈ ആനുകൂല്യം ജീവനക്കാർക്ക് നൽകുന്നില്ലായെന്നും ആയതിനാൽ കേരള കരകൗശല വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് 2001-02 മുതൽ 2019-20 വരെ നൽകി കഴിഞ്ഞ പെർഫോമൻസ് അലവൻസ് തുകകൾക്ക് സാധൂകരണം ലഭ്യമാക്കണമെന്നും മാനേജിംഗ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാവിയിൽ ഇത്തരം നടപടികൾ സ്വീകരിക്കരുത് എന്ന കർശന വ്യവസ്ഥയിൽ, 2001-02 മുതൽ 2019-20 വരെയുള്ള കാലയളവിൽ കേരള കരകൗശല വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക്

പെർഫോമൻസ് അലവൻസ് നൽകിയ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള കരകൗശല വികസന കോർപ്പറേഷൻ.
ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, ബി.പി.റ്റി, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ./ഓഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
(12.12.2024 തീയതിയിലെ നം.746715/PU-D4/13/2018-Fin)
തൊഴിലും നൈപുണ്യവും വകുപ്പ്. (vide U.O. D1/55/2018/labour)
പൊതുഭരണ (എസ്.സി) വകുപ്പ്
(07.01.2026 തീയതിയിലെ ഇനം നം............ പ്രകാരം).
വിവര പൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ (ഫയൽ നം. IND-K3/357/2017-IND.)

ഉത്തരവിൻ പ്രകാരം

Signed by
Simi Jose V
സെക്ഷൻ ഓഫീസർ
Date: 09-01-2026 10:48:42

പകർപ്പ്:

ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസിന്

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

രഹസ്യം.

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-01-2026

ഫയൽ നം. വ്യവ-കെ3/357/2017/വ്യവ. ഇനം നം: 3506

വിഷയം : വ്യവസായ വകുപ്പ് - 2001-2002 മുതൽ 2019-2020 വരെയുള്ള കാലയളവിൽ കേരള കരകൗശല വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പെർഫോമൻസ് അലവൻസ് നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

7/1/26

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്.

08/01/26
JS

3506

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : നം. വ്യവ-കെ3/357/2017-വ്യവ |
| 2 | വകുപ്പ് | വ്യവസായ (കെ ) വകുപ്പ് |
| 3 | വിഷയം | : 2001-2002 മുതൽ 2019-2020 വരെയുള്ള കാലയളവിൽ കേരള കരകൗശല വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പെർഫോമൻസ് അലവൻസ് നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 13.05.2025 |
| 5 | (I) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ; | : ഉണ്ട് തൊഴിലും നൈപുണ്യവും വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീമതി.ഹേമ.വി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീ.എ.പി.എം മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 17.12.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 29.12.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 30.12.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 30.12.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള കരകൗശല വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് 2001-2002 മുതൽ 2019-2020 വരെ പെർഫോമൻസ് അലവൻസ് നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള കരകൗശല വികസന കോർപ്പറേഷനിൽ 1988 മുതൽ സ്ഥിരം ജീവനക്കാർക്ക് പെർഫോമൻസ് അലവൻസ് എന്ന പേരിൽ സാമ്പത്തിക ആനുകൂല്യം നൽകി വരുന്നതായും 2001-02 മുതൽ പെർഫോമൻസ് അലവൻസ് നൽകി വരുന്നത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണെന്ന് അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയതായും ആയതിനാൽ വർഷത്തിലൊരിക്കൽ കോർപ്പറേഷനിലെ ജീവനക്കാർക്ക് അനുവദിച്ച പെർഫോമൻസ് അലവൻസിനു സാധൂകരണം നൽകണമെന്നും കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

3. ഈ വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ നൽകിയപ്പോൾ, തൊഴിലും നൈപുണ്യവും വകുപ്പിന്റെ അഭിപ്രായസഹിതം ഫയൽ പുനഃസമർപ്പിക്കുവാൻ പ്രസ്തുത വകുപ്പ് അഭിപ്രായപ്പെട്ടു.

4. തുടർന്ന് തൊഴിൽ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ കൈമാറുകയും പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം അറിയിക്കുകയും ചെയ്തു.

*""ബോണസും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുള്ളത് അതാത് വർഷങ്ങളിൽ ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കനുസൃതമാണെങ്കിൽ ടി നടപടിയോട് വകുപ്പ് യോജിക്കുന്നു".*

5. തുടർന്ന് കേരള കരകൗശലവികസന കോർപ്പറേഷനിൽ ബോണസും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുള്ളത് അതാത് വർഷങ്ങളിൽ തൊഴിൽ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമാണോയെന്ന് വ്യക്തമാക്കുവാൻ കേരള കരകൗശലവികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു.

6. കേരള കരകൗശല വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് മാനേജ്മെന്റും തൊഴിലാളി യൂണിയനുകളുമായി നടത്തുന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായാണ് 2001-02 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ പെർഫോമൻസ് അലവൻസ് ആനുകൂല്യം നൽകിയതെന്നും 2001 മുതൽ 2014 വരെ ഈ ആനുകൂല്യം കൈപ്പറ്റിയ ജീവനക്കാർ സർവ്വീസിൽ ഇല്ലാത്തതിനാൽ ഈ ആനുകൂല്യം തിരിച്ചുപിടിക്കാൻ നിർവാഹമില്ലായെന്നും 2015-16, 2016-17, 2017-18, 2018-19 വർഷങ്ങളിലെ പെർഫോമൻസ് അലവൻസ് സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന രീതിയിൽ തൊഴിൽ വകുപ്പിന്റെ അംഗീകാരത്തോടുകൂടിയാണ് നൽകിയിട്ടുള്ളതെന്നും കോർപ്പറേഷനിലെ ജീവനക്കാർക്ക് നൽകി കഴിഞ്ഞ പെർഫോമൻസ് അലവൻസിനു സാധൂകരണം നൽകണമെന്നും കരകൗശലവികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

7. തുടർന്ന് പെർഫോമൻസ് അലവൻസ് നൽകിയതിന്മേൽ സാധൂകരണം നൽകുന്നതിനായി തൊഴിൽ വകുപ്പിന്റെ അഭിപ്രായസഹിതം ധനകാര്യ വകുപ്പിനു ഫയൽ സമർപ്പിച്ചപ്പോൾ, പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:

*"2001-02 മുതൽ 2011-12 വരെ കരകൗശല വികസന കോർപ്പറേഷൻ പെർഫോർമൻസ് അലവൻസിനത്തിൽ ജീവനക്കാർക്ക് 67.74 ലക്ഷം രൂപ നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നതിന് ധനകാര്യ വകുപ്പ് വിയോജിക്കുന്നു എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."*

8. 2001-2002 മുതൽ 2019-20 വരെ 133.08 ലക്ഷം രൂപ കേരള കരകൗശല വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പെർഫോമൻസ് അലവൻസ് നൽകിയെന്ന് കരകൗശലവികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. രാവിലെ 9 മണിമുതൽ വൈകിട്ട് 7 മണിവരെ വിശ്രമമില്ലാതെ ജീവനക്കാർ ഷോറൂമുകളിൽ പ്രവർത്തിക്കുന്നതിലൂടെ കിട്ടുന്ന വിറ്റുവരവാണ് കോർപ്പറേഷന്റെ പ്രധാന വരുമാന സ്രോതസ്സ്. കൂടാതെ വിൽപ്പനശാലകളിലെ ജീവനക്കാർ 10 മുതൽ 12 മണിക്കൂർ വരെ കഠിന പ്രയത്നം നടത്തുന്നതിനാൽ ഒരു പ്രചോദനം എന്ന നിലയിലും ഇവിടുത്തെ ജീവനക്കാരുടെ അംഗീകൃത തൊഴിലാളി യൂണിയനുകളുടെ അഭ്യർത്ഥന മാനിച്ചും മറ്റാനുകൂല്യങ്ങളൊന്നും ഈ ജീവനക്കാർക്ക് നൽകുന്നില്ല എന്നത് പരിഗണിച്ചും 1988 മുതൽ ഓണത്തോടനുബന്ധിച്ച് പെർഫോമൻസ് അലവൻസ് എന്ന പേരിൽ ഒരു സാമ്പത്തിക ആനുകൂല്യം എല്ലാ സ്ഥിരം ജീവനക്കാർക്കും നൽകി വന്നിരുന്നു.

തുടക്കത്തിൽ 125 രൂപയായിരുന്നു ഈ ഇനത്തിൽ നൽകിയത്. ജീവനക്കാർക്ക് നൽകിയിട്ടുള്ള പെർഫോമൻസ് അലവൻസ് പ്രതിവർഷ വിറ്റുവരവിന്റെ ശരാശരി 1.25 % ആണ്. കൂടാതെ ഈ ആനുകൂല്യം കൈപ്പറ്റിയ ജീവനക്കാരിൽ ഭൂരിഭാഗവും നിലവിൽ സേവനത്തിൽ ഇല്ലായെന്നും നാമമാത്രമായ ജീവനക്കാർ മാത്രമേ ഇന്ന് സർവ്വീസിൽ തുടരുന്നുള്ളൂ എന്നും നിലവിൽ ഈ ആനുകൂല്യം ജീവനക്കാർക്ക് നൽകുന്നില്ലാ എന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

9. കോർപ്പറേഷനിലെ ജീവനക്കാർക്ക് പെർഫോമൻസ് അലവൻസ് നൽകിയത് കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നാണെന്നും, തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഡയറക്ടർ ബോർഡ് യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് ബോർഡിന്റെ അംഗീകാരം നേടിയ ശേഷമാണ് പെർഫോർമൻസ് അലവൻസ് അനുവദിച്ചതെന്നും കൂടാതെ, 2001-02 മുതൽ 2015-16 വരെ പെർഫോർമൻസ് അലവൻസ് അനുവദിച്ചത് മെമ്മോറാണ്ടം ഓഫ് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നും, 2016-17 മുതൽ 2019-20 വരെ മാനേജ്മെന്റ്, തൊഴിൽ വകുപ്പ്,ട്രേഡ് യൂണിയൻ എന്നിവർ ഉൾപ്പെട്ട ത്രികക്ഷി കരാർ പ്രകാരം ഒപ്പുവച്ച മെമ്മോറാണ്ടം ഓഫ് സെറ്റിൽമെന്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമപ്രകാരമാണ് പെർഫോർമൻസ് അലവൻസ് നൽകിയതെന്നും എന്നാൽ കോർപ്പറേഷന്റെ ഭാഗത്തുനിന്നും യഥാസമയങ്ങളിൽ follow up നടത്തുന്നതിൽ ഉണ്ടായ നോട്ടപ്പിശക് മൂലമാണ് ടി നൽകികഴിഞ്ഞ പെർഫോർമൻസ് അലവൻസിന് സർക്കാർ സാധൂകരണം നേടിയെടുക്കുന്നതിന് കാലതാമസം നേരിട്ടതെന്നും ആയതിനാൽ കേരള കരകൗശല വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് 2001-02 മുതൽ 2019-20 വരെ നൽകികഴിഞ്ഞ പെർഫോമൻസ് അലവൻസ് തുകകൾക്ക് സാധൂകരണം ലഭ്യമാക്കണമെന്നും മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

11. കേരള കരകൗശല വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് നൽകിയ പെർഫോമൻസ് അലവൻസ് തുകകൾക്ക് തൊഴിൽ വകുപ്പിന്റെയും ധനകാര്യവകുപ്പിന്റെയും വിയോജിപ്പ് മറികടന്നുകൊണ്ട് സാധൂകരണം നൽകുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ഉത്തരവിനായി ബഹു.മുഖ്യമന്ത്രിയ്ക്ക് ഫയൽ സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും ഭാവിയിൽ

ഇത്തരം നടപടികൾ സ്വീകരിക്കരുതെന്ന് കർശന നിർദ്ദേശം നൽകുവാനും ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനമെടുക്കേണ്ട കാര്യം**

ഭാവിയിൽ ഇത്തരം നടപടികൾ സ്വീകരിക്കരുതെന്ന കർശന വ്യവസ്ഥയിൽ, തൊഴിൽ വകുപ്പിന്റെയും, ധനകാര്യ വകുപ്പിന്റെയും നിർദ്ദേശങ്ങൾ മറികടന്നുകൊണ്ട്, 2001-02 മുതൽ 2019-20 വരെയുള്ള കാലയളവിൽ കേരള കരകൗശല വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പെർഫോർമൻസ് അലവൻസ് നൽകിയ നടപടി സാധൂകരിച്ചു നൽകാവുന്നതാണോ?

GOVERNMENT OF KERALA

SHRI PINARAYI VIJAYAN MINISTRY

NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | IND-K3/357/2017-IND |
| 2 | Department. | : | INDUSTRIES (K) DEPARTMENT |
| 3 | Subject | : | Ratification of the action of granting Performance Allowance to the employees of the Handicrafts Development Corporation of Kerala Ltd. for the period from 2001–2002 to 2019–2020. |
| 4 | Date of Chief Ministers' order for placing before the Council | : | 13.05.2025 |
| 5 | (i) Does the case involve financial commitments/implications. | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | : | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | Yes<br>Labour & Skill Department |
| 7 | Name of Joint Secretary who submitted the Draft Note | : | Smt. Hema V |
| 8 | Name of Principal Secretary who approved the Draft Note | : | Shri. APM Mohammed Hanish |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 17.12.2025 |
| 10 | Name of Chief Secretary who approved the Draft Note | : | Dr.A.Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 29.12.2025 |
| 12 | Name of Minister who approved the Draft Note | : | Shri.P.Rajeeve |
| 13 | Date of approval of the Draft Note for the Council by the Minister concerned | : | 30.12.2025 |
| 14 | Date of Submission of Fair Copies | : | 30.12.2025 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O / Letter communicating the decision | : | |

## Note for Council of Ministers

This note pertains to the ratification of the action of granting *Performance Allowance* to the employees of the Handicrafts Development Corporation of Kerala Ltd. for the period from 2001–2002 to 2019–2020.

2. The Managing Director of Handicrafts Development Corporation of Kerala reported that since 1988, the Corporation has been providing a financial assistance to its permanent employees under the name *Performance Allowance*. However, the Accountant General observed that the payment of such allowance from 2001–02 onwards was in violation of Government orders. Accordingly, the Managing Director of the Corporation requested the Government to regularize the action of granting the Performance Allowance to the employees for the period 2001-02 to 2019-20.

3. When the file was forwarded to the Finance Department for its opinion, the Department opined that the file may be re-submitted along with the views of the Labour Department.

4. Subsequently, the file was referred to the Labour & Skill Department for opinion. The remarks of Labour Department is as follows:

> "ബോണസും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുള്ളത് അതാത് വർഷങ്ങളിൽ ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കനുസൃതമാണെങ്കിൽ ടി നടപടിയോട് വകുപ്പ് യോജിക്കുന്നു".

5. Thereafter, the Managing Director of the Handicrafts Development Corporation was asked to clarify whether the payment of bonus and other benefits was made in accordance with the guidelines issued by the Labour Department during the respective years.

6. The Managing Director further reported that the Performance Allowance for the years 2001–02 to 2014-15 was granted based on discussions between the management and the employees' unions and with the approval of the Board of

Directors. As most of the employees who received the benefit between 2001 and 2014 are no longer in service, it is not feasible to recover the amount. The Performance Allowance for the years 2015–16, 2016–17, 2017–18, and 2018–19 was paid with the approval of the Labour Department, in accordance with Government orders. Hence, the Managing Director requested the Government to grant regularization for the Performance Allowance already paid to the employees.

7. When the file was again forwarded to the Finance Department, along with the opinion of the Labour Department, for remarks, the Finance Department remarked as follows:

> "**2001-02** മുതൽ **2011-12** വരെ കരകൗശല വികസന കോർപ്പറേഷൻ പെർഫോമൻസ് അലവൻസിനത്തിൽ ജീവനക്കാർക്ക് **67.74** ലക്ഷം രൂപ നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നതിന് ധനകാര്യ വകുപ്പ് വിയോജിക്കുന്നു എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

8. The Managing Director of the Corporation reported that ₹133.08 lakh was paid to employees as Performance Allowance during 2001–02 to 2019–20. The main source of revenue for the Corporation is the sales generated by employees working tirelessly in the showrooms from 9 a.m. to 7 p.m. every day without rest. Since 1988, the Corporation has been providing a financial benefit termed as Performance Allowance as a measure of motivation to employees, taking into account the requests of recognised trade unions and the fact that these employees do not receive any other additional benefits and they used to work for 10 to 12 hours per day under severe stress. Initially, the amount paid under this head was ₹125. The average annual amount paid as Performance Allowance is only around 1.25% of the total annual sales revenue. The Managing Director also reported that most of the employees who had received the allowance are no longer in service, and only a few remain. It was also reported that the allowance is no longer being paid at present.

9. The Managing Director further clarified that the Performance Allowance was paid entirely from the own funds of the Corporation.The decision to grant the allowance was taken based on demands raised during discussions with trade union

representatives and was placed before the Board of Directors for approval before disbursement.The allowance for the period 2001-02 to 2015-16 was granted based on Memoranda of agreement,while for the period 2016-17 to 2019-20 ,it was granted through proceedings issued by the Managing Director based on the Memoranda of settlement executed under tripartite agreements involving the Management, Labour department and the Trade Unions.It was also reported that due to lapses in timely followup on the part of the Corporation,ratification from Government could not be obtained in time,resulting in delay in regularisation.The Managing Director has therefore requested to ratify the action of granting the performance allowance to the employees for the period from 2001-02 to 2019-20.

10. When the file was submitted to the Hon'ble Chief Minister for orders regarding ratification of the Performance Allowance paid to the employees of the Kerala State Handicrafts Development Corporation by overruling the objection raised by the Labour Department and Finance Department, the Hon'ble Chief Minister ordered that the matter be placed before the Council of Ministers for consideration and that strict instructions to be issued to ensure that such actions are not repeated in the future.

## Point for Decision

Whether the Government may ratify the action of granting Performance Allowance to the employees of the Handicrafts Development Corporation of Kerala Ltd. for the period from 2001–02 to 2019–20, overruling the directions of the Labour Department and the Finance Department ,subject to the strictote condition that such action should not be taken in future?